ജനപ്രിയ സിനിമകൾ ഉത്തമകലാസൃഷ്ടികളാണെന്ന് അവയുടെ നിർമാതാക്കൾ പോലും അവകാശപ്പെടാറില്ല. അവ ജനങ്ങളെ ഉദ്ബുദ്ധരാക്കുന്ന ഉത്തമകലാസൃഷ്ടികളല്ല, വിശ്രമവേളകളെ ഉല്ലാസഭരിതമാക്കുന്ന വിനോദവിഭവങ്ങളെണെന്ന് അവർ തന്നെ സമ്മതിക്കും....

ഒരു യൂട്യൂബ് ചാനലിൽ അവതാരക അന്നത്തെ പരിപാടി തുടങ്ങുകയായി..

കഥയോ കവിതയോ കേൾക്കാൻ കാത്തിരുന്നവർ ഇതെന്ത് എന്ന് അതിശയിച്ചു. ഇത് വേണം എന്നാവശ്യപ്പെട്ട് കാത്തിരുന്നവർ ആകാംഷയോടെ കേട്ടിരുന്നു. എല്ലാം കഴിഞ്ഞപ്പോൾ ടീച്ചർക്ക് നന്ദി പറഞ്ഞുകൊണ്ട് ഒരുപാട് സന്ദേശങ്ങളും കമന്റുകളും. വായിച്ചിട്ടും പഠിച്ചിട്ടും മനസ്സിലാകാതിരുന്ന പാഠഭാഗമാണ് ലളിതമായ ഭാഷയിൽ അവതരിപ്പിക്കപ്പെട്ടത്. ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു മെയിൽ അവതാരകയെ തേടിയെത്തി. തന്റെ "സിനിമയും സമൂഹവും" എന്ന ലേഖനം ലളിതസുന്ദരമായി അവതരിപ്പിച്ചതിന് പ്രശസ്ത സിനിമാനിരൂപകനും മാദ്ധ്യമപ്രവർത്തകനും ഡോക്യൂമെന്ററി സംവിധായകനും കേരള സാഹിത്യഅക്കാദമി അവാർഡ് ജേതാവും ആയ ശ്രീ ഓ കെ ജോണിയുടെ അഭിനന്ദനകത്ത്. അവതാരകയുടെ സന്തോഷം അതിര് കവിഞ്ഞു. ആ അവതാരകയാണ് ഈ ആഴ്ചത്തെ ദളം.

പഞ്ചമി വിജയൻ,
ഫെഡറൽ ബാങ്ക്,
പാപ്പനംകോട് ശാഖ.

ആഭ്യന്തരവകുപ്പിൽ അണ്ടർസെക്രട്ടറി ആയി പിരിഞ്ഞ വിജയകുമാറിന്റെയും റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സ് പദ്മജാദേവിയുടെയും ഏകമകളായി തിരുവനന്തപുരം വലിയശാലയിൽ ജനിച്ച പഞ്ചമിക്ക് കുട്ടിക്കാലം മുതൽ അച്ഛൻ കൂട്ടുകാരായി നൽകിയത് പുസ്തകങ്ങളെയാണ്. സെക്രട്ടറിയേറ്റിലെ വിശാലമായ ലൈബ്രറിയിൽ നിന്നും ഓരോ പ്രായത്തിലും അതിന് ചേരുന്ന ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങൾ പഞ്ചമിയുടെ കൂട്ടുകാരായി വന്നുകൊണ്ടിരുന്നു. ചിലപ്പോഴൊക്കെ അച്ഛൻ പുസ്തകങ്ങൾ വായിച്ചുകൊടുത്തു. മറ്റുചിലപ്പോൾ അച്ഛൻ പഞ്ചമിയുടെ കേൾവിക്കാരനായി. അങ്ങനെ പഞ്ചമിക്കൊപ്പം വായനയും വളർന്നു.

അമ്മ അദ്ധ്യാപികയായ വഴുതക്കാട് രാമാംബിക നഴ്സറി സ്കൂളിൽ അമ്മയുടെ കൈപിടിച്ച് കടന്നുചെന്ന പഞ്ചമിക്ക് മത്സരങ്ങളും സമ്മാനങ്ങളും അക്ഷരമാലക്കൊപ്പം കൂട്ടായതാണ്. അന്നും എന്നും അമ്മ ഒരു ശക്തിയായി കൂടെയുണ്ട്. ഭഗവദ് ഗീതയിലെ ധ്യാനശ്ലോകം ചൊല്ലി അന്ന് വാങ്ങിയ സമ്മാനം ചിണുങ്ങി നിന്ന കുഞ്ഞുപഞ്ചമിയുടെ കയ്യിൽ വച്ചുകൊടുത്തത് നാടകാചാര്യൻ ടി എൻ ഗോപിനാഥൻ നായരാണ്. ഒന്ന്

മുതൽ നാലു വരെ വഴുതക്കാട് ചിൻമയയിൽ. കഥ പറച്ചിലുകാരി പിറവിയെടുത്തത് ആ സ്കൂൾ മുറ്റത്താണ്. അന്ന് അതിന് ഒരുപാട് സമ്മാനങ്ങൾ വാങ്ങിക്കൂട്ടി. വഴുതക്കാട് കാർമൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ പത്താംക്ലാസ്സ് വരെയും പട്ടം ആര്യ സെൻട്രൽ സ്കൂളിൽ പ്ലസ് ടുവും പഠിക്കുന്ന കാലത്തൊക്കെ സാഹിത്യസംബന്ധിയായ എല്ലാ മത്സരങ്ങളിലും പഞ്ചമി സജീവസാന്നിദ്ധ്യമായിരുന്നു. കഥ, കവിത, ലേഖനം, കവിതാപാരായണം ഇതിലൊക്കെ പഞ്ചമി സമ്മാനങ്ങളും നേടിയിരുന്നു. ഇത് കൊണ്ട് തന്നെ പല വർഷങ്ങളിലും സ്കൂളിലെ മാഗസിൻ എഡിറ്റർ ആകാനുള്ള ഭാഗ്യവും കിട്ടി.

പ്ലസ് ടു കഴിഞ്ഞ് വഴുതക്കാട് വിമൻസ് കോളേജിൽ ഡിഗ്രിക്ക് ചേർന്നു. രസതന്ത്രമായിരുന്നു വിഷയം. ബിരുദാനന്തരബിരുദവും അവിടെ തന്നെ. വിഷയം രസതന്ത്രം ആയിരുന്നെങ്കിലും പഠിക്കാൻ മിടുക്കി ആയിരുന്ന പഞ്ചമി ഏറെ സമയവും ചിലവാക്കിയത് ലൈബ്രറിയിലും പുസ്തകങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളുമായി മലയാളം, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റുകളിലും ആയിരുന്നു. ധാരാളം സമയം പുസ്തകങ്ങളുടെ ലോകത്ത് പാറിപ്പറന്നു. അന്നൊക്കെ കർക്കിടകമാസങ്ങളിൽ രാമായണപാരായണം ശീലമാക്കിയിരുന്ന അച്ഛനും അമ്മയും പഞ്ചമിക്കും പാരായണത്തിന് സമയം നൽകിയിരുന്നത് പുരാണങ്ങളുമായി ചങ്ങാത്തം കൂടാനുള്ള അവസരമായി.

കുട്ടിക്കാലം മുതൽ എല്ലാ വർഷവും അച്ഛൻ പഞ്ചമിക്ക് ഒരു ഡയറി സമ്മാനമായി നൽകുമായിരുന്നു എന്ന് മാത്രമല്ല, അതിൽ എന്തെങ്കിലും ഒക്കെ കുത്തിക്കുറിക്കാൻ പ്രോത്സാഹനവും നൽകിയിരുന്നു.
കോളേജിൽ ഒക്കെ എത്തുമ്പോഴേക്കും തന്റെ കുറിപ്പുകൾ പിന്നീട് വായിക്കുമ്പോൾ തനിക്കുള്ളിൽ ഒരെഴുത്തിന്റെ അനുരണനങ്ങൾ ഉടലെടുക്കുന്നത് പഞ്ചമിയെപ്പോലെ അച്ഛനും തിരിച്ചറിഞ്ഞിരുന്നു.
കോളേജ് പഠനകാലത്തും പഞ്ചമി മാഗസിൻ എഡിറ്റർ ആയിരുന്നു എന്ന് മാത്രമല്ല 2004ൽ കേരളസർവകലാശാല യുവജനോത്സവത്തിൽ കഥാരചനക്ക് ഒന്നാം സമ്മാനവും നേടി.
കോളേജ് കാലത്ത് സാഹിത്യമത്സരങ്ങൾ കൂടാതെ സ്കിറ്റുകളിലും മൈമിലും ഒക്കെ സജീവമായി പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു.

കോളേജ് കാലം ഏറെ തിരക്ക് നിറഞ്ഞതായിരുന്നു. സെമിനാറുകൾ, ക്രിയാത്മകരചനകളെക്കുറിച്ചുള്ള ശില്പശാലകൾ, എഴുത്ത്, പരന്ന വായന,സിനിമകൾ, സംഗീതം. ഉല്ലാസം നിറഞ്ഞ കോളേജ് ജീവിതം അവസാനിക്കും മുൻപ് ബാങ്കിലേക്കുള്ള പ്രവേശനം.

2007 ൽ പഞ്ചമി ഫെഡറൽ ബാങ്ക് ജീവനക്കാരിയായി. അഞ്ചൽ ശാഖയിൽ ആയിരുന്നു തുടക്കം. ഒന്നര വർഷത്തിന് ശേഷം വിഴിഞ്ഞം ശാഖയിലേക്ക്.

10 വർഷത്തിന് ശേഷം ഇന്നത്തെ ശാഖയിലേക്ക്, ഇതിനിടയിൽ 2008ൽ അദ്ധ്യാപകനും ശാസ്ത്രസാഹിത്യപരിഷത്തിന്റെ സജീവപ്രവർത്തകനും, സമാനചിന്താഗതിക്കാരനുമായ പ്രതീഷ്ചന്ദ്രന്റെ ജീവിതത്തിലേക്ക്.

കുടുംബജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ വായന കൈവിട്ടുപോയി. കുറച്ച് കാലങ്ങൾക്ക് ശേഷം വീണ്ടും അതിലേക്ക് തിരിച്ചുവരാൻ ശ്രമിക്കുമ്പോഴാണ് സാമൂഹ്യമാധ്യമങ്ങൾ സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് പഞ്ചമി ബോധവതി ആകുന്നത്. പിന്നെ ദിവസങ്ങളോളം ആ ചിന്ത മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. ഒടുവിൽ സാമൂഹ്യമാദ്ധ്യമങ്ങളുടെ ഇടയിൽ പെട്ട് ഞെരിഞ്ഞമർന്ന വായനയെ അതേ മാധ്യമത്തിലൂടെ തിരിച്ചു കൊണ്ട് വരാൻ നടത്തിയ വിജയകരമായ ശ്രമമാണ് "വരദയുടെ വായനാമുറി"

യൂട്യൂബിൽ വായനക്കായി ഒരു ചാനൽ. പഠിക്കുന്ന കാലത്ത് വായിച്ച കഥകൾ കൂട്ടുകാരോട് പറയുമ്പോൾ അവരൊക്കെ പറയുമായിരുന്നു "നിനക്ക് കഥ പറയാൻ ഒരു പ്രത്യേക കഴിവാ.." എന്ന്. അതായിരുന്നു ഈ സംരംഭത്തിന്റെ മൂലധനം.

മലയാളത്തിലെ ഒട്ടുമിക്ക എഴുത്തുകാരുടെയും കഥകളും കവിതകളും ഈ വായനാമുറിയിലൂടെ പുസ്തകപ്രേമികളിലെത്തി. കഥ ആയാലും കവിത ആയാലും ലേഖനം ആയാലും ആദ്യം വായന, പിന്നെ പഞ്ചമിയുടെ നിരീക്ഷണം, അഭിപ്രായം, പഠനം.. അതാണ് രീതി. ആദ്യമൊക്കെ ആഴ്ചയിൽ മൂന്ന് ലക്കം വരെ ചെയ്തിരുന്നു, പിന്നീട് അത് രണ്ടും ഇപ്പോൾ ഒന്നും ആയി. കൃത്യമായി കേൾക്കുന്നവർക്ക് അല്പം സമയം നൽകുക, തയാറെടുപ്പിന് പുതിയ പുസ്തകങ്ങൾ തിരയുക, തയാറെടുക്കുക ഇതാണ് ഈ സമയമാറ്റത്തിന് പിന്നിൽ എന്ന് പഞ്ചമി.

മലയാളപുസ്തകങ്ങൾക്ക് പുറമേ ഇംഗ്ലീഷിലെ പ്രശസ്തമായ കൃതികളും ഈ വായനാമുറിയിൽ കടന്നുവരാറുണ്ട്. കൂടാതെ ചില ആഴ്ചകളിൽ ഇംഗ്ലീഷ്, മലയാളം ഗ്രാമർ ക്ലാസ്സുകളും പഞ്ചമി കൈകാര്യം ചെയ്യാറുണ്ട്. ഒരു പക്ഷേ ഇത് കൊണ്ടാവാം പഞ്ചമി ഒരദ്ധ്യാപിക ആണെന്ന് പലരും ധരിക്കാൻ കാരണം.

ഇന്ന് ഏതാണ്ട് പതിനഞ്ചായിരത്തോളം വരിക്കാരുണ്ട് തന്റെ ചാനലിന് എന്ന് പറയുമ്പോൾ പഞ്ചമിയുടെ വാക്കുകളിൽ അഭിമാനം. 200 എപ്പിസോഡുകൾ പിന്നിട്ട വായനാമുറിയിൽ നല്ല വായനക്കാരായ പലരും പങ്ക് വയ്ക്കുന്ന അഭിപ്രായങ്ങൾ വല്ലാത്തൊരൂർജ്ജമാണ് നൽകുന്നത്. ചില പുസ്തകങ്ങൾ വായനാമുറിയിൽ കൊണ്ട് വരണം എന്ന അവശ്യങ്ങളും വരാറുണ്ട്. അതൊക്കെ പരിഗണിക്കാൻ പഞ്ചമി പരമാവധി ശ്രമിക്കാറുണ്ട്.

എഴുത്തിനെ പരിചയപ്പെടുത്തുന്ന ഈ പംക്തിയിൽ പഞ്ചമി ഒരു പക്ഷേ ഏറ്റവും അധികം ഉൾപ്പെടുത്തിയിട്ടുള്ളത് തന്റെ പ്രിയ എഴുത്തുകാരി അഷിതയുടെ കഥകളാണ്. ആ കഥകൾ പരിചയപ്പെടുത്തുമ്പോൾ വല്ലാത്തൊരു വികാരം ഉള്ളിൽ സന്നിവേശിക്കാറുണ്ട് എന്ന് പഞ്ചമി.

ബാങ്കിൽ തനിക്ക് നല്ല പ്രോത്സാഹനം ലഭിക്കാറുണ്ട് എന്ന് മാത്രമല്ല ബാങ്കിന്റെ ഹൌസ് മാഗസിൻ ആയ ഫെഡറൽ റീച്ചിലെ സ്ഥിരം എഴുത്തുകാരി കൂടിയാണ് പഞ്ചമി.

താൻ പഠിച്ച അതേ സ്കൂളിലെ ആറാംക്ലാസ്സ് വിദ്യാർത്ഥിനി ആയ 'പാർവതി വരദ ലക്ഷ്മി'യുടെ ഉള്ളിലും ഒരു വായനക്കാരിയെ
വളർത്തിയെടുക്കുന്നുണ്ട് പഞ്ചമി. വരദയുടെ വായനാമുറി എന്ന പേര് എങ്ങനെ വന്നു എന്ന ചോദ്യത്തിനുള്ള ഉത്തരമായിരുന്നു മകളുടെ പൂർണമായ പേര് വന്നത്.

വായന വളരട്ടെ, പുസ്തകങ്ങളെ സ്നേഹിക്കുന്ന, വായിക്കാൻ നേരം കിട്ടാത്തവർക്ക് തണലായി വായനാമുറിയും വളരട്ടെ.
കൂടുതൽ പുസ്തകളെയും എഴുത്തിനെയും മലയാളികളിലെത്തിക്കാൻ പഞ്ചമിക്ക് കഴിയട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

വരദയുടെ വായനമുറിയുടെ ലിങ്ക് :

https://youtube.com/c/VARADASREADINGROOM

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

Nobody, not even the producers of popular movies would claim their works to be of artistic or moral excellence; they are what they are – entertainers to while away time..
A YouTuber has begun her day's work..
Viewers who expected a story or a poetry were amazed. Those who had demanded for this, waited with bated breath. Once it was completed, numerous comments flooded the channel thanking the teacher. A tough and confusing topic was handled in such simple words that could easily be understood by all. One week later, the YouTuber received a mail. An applauding letter from the famous film critic, journalist, documentary director and Kerala Sahitya Academy Award winner – Sri. O. K. Johnny- for presenting his article 'Cinemayum Samoohavum' so beautifully. She was overwhelmed with joy... this story teller is our Talented Banker today.

Panchami Vijayan
Federal Bank Ltd
Pappanamcode branch

Panchami, who is the single daughter of retired Under Secretary of Home Ministry, Vijayakumar, and retired headmistress Padmajadevi from Thiruvananthapuram Valiyasala, befriended the books her father gave her during childhood. As she grew older, age appropriate books in English and Malayalam arrived from the vast library at the Secretariat to be her friends. Sometimes her father read to her, and sometimes he was her listener.. thus reading grew with her.

She went to the Vazhuthacaud Ramambika Nursery School where her mother taught, to win many prizes as she also learned her a b c’s. From then till date, her mother is her pillar of strength. The little girl gracefully received the prize for reciting Bhagavat Gita's Dhyaana sloka from the prolific playwright, T.N.Gopinathan Nair. She went to Vazhuthacaud Chinmaya Vidyalaya from 1st to 4th grades, where the story teller in her was born and nourished with numerous prizes. She continued to be an inevitable part of all literary events in the Vazhuthacaud Carmel girls' higher secondary school till 10th standard and in the Pattom Arya Central school during her plus 2, bagging trophies for story writing, poetry writing, essay writing, poetry recitation and all such literary events. And naturally she was the school magazine editor most of the years.

She joined Vazhuthacaud Women’s College for BSc Chemistry and MSc Chemistry. Though her subject was Chemistry, this brilliant student spent her time in the college library and also the English and Malayalam departments to clarify her doubts about the books she read. Thus she lived among her books loving the rustle of paper and the enticing book smell.. During the ‘Karkitaka’ months, her parents encouraged her to recite the Ramayana, thus inculcated in her a love for the Puranas as well.

From her childhood, her father gifted her a diary at New Year’s and prodded her to fill them up with her musings. By the time she was in college, she and her father started recognizing the writer in her. She was the magazine editor in college too and in 2004 won the first prize for story writing in the Kerala University Youth festival. She also participated and won prizes in skits and mimes in addition to the literary events.

Her college days were packed with seminars, workshops on creative writing, writing, extensive reading, movies and music. She stepped onto her banking career even before completing the fun-filled college life.

Panchami joined the Federal bank in 2007 at their Anchal branch. After one and a half years she went to the Vizhinjam branch. And after ten long years, to her present branch. During this time, in 2008 she was married to a person of same disposition; teacher and active member of Sastra sahitya parishad, Pratheesh Chandran.

She lost her books on the way to her family schedules. Later, as she strived to return to them, she became aware of how the social media transformed the society.. of how book reading has

been trampled upon by it. This thought disturbed her fora while and her determination to bring back reading through the same social media resulted in " Varadayude vaayanamuri", a YouTube channel for reading! During her school days, as she narrated the stories she read to her friends, they always said.. "You have a penchant for story telling". Memory of these words led to her channel.

The stories and poetries of most Malayalam writers have reached the viewers through this 'Vaayanamuri'. Whether a story or poetry or essay- first reading, then her inference, opinions, study.. that is the flow of her presentation.

In the beginning, she did upto three recordings a week.. then they became two in a week and gradually to one a week. This gap is because she spends time for her regular viewers, searches for new books to be presented and prepare for her next session.

Popular English works too come up in her channel. And she devotes a few of her sessions for brushing up grammar lessons in English and Malayalam too. This may be the reason she is mistaken for a teacher.

She is elated as she says she has around 15000 subscribers for her channel. The suggestions from many avid readers in the Vaayanamuri, which crossed 200 episodes, impart great encouragement. Panchami does her best to include books that are suggested by her subscribers as well.

Maybe her favourite writer Ashitha has found the maximum chance to appear in her sessions. Panchami opens up that as she narrates or reads Ashitha's stories, she is overcome by some indefinable emotions.

Panchami is encouraged by all her colleagues in the bank and she regularly writes in the bank's house magazine, 'Federal Reach'.

She's nurturing a reader in the little Parvati Varada Lakshmi, who is a sixth grader in the same school as her mother's. The full name of her daughter was revealed on being enquired of the origin of the name 'Varadayude vaayanamuri'.

May reading flourish.. may vaayanamuri spread its branches and provide shade to those who love books but do not find the time to read... may Panchami introduce many more books and writings to book lovers around her.... heartfelt wishes from the Talented Bankers group.